(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതു പ്രാവർത്തികമാക്കുന്ന തീയതി തീരുമാനമായിട്ടില്ല.

കമ്പ്യൂട്ടർ വാങ്ങുന്നതിനായി വായ്പ

9 [2658] ശ്രീ. കെ. സി. ജോസഫ്:
,, തമ്പാനൂർ രവി:
,, കെ. മുഹമ്മദാലി:
,, ഡി. സുഗതൻ:
,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനങ്ങളിൽ ഒട്ടാകെ എത്ര കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ കമ്പനികൾക്ക് കമ്പ്യൂട്ടർ വാങ്ങാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുവാനുള്ള സൗകര്യങ്ങളുണ്ടോ;

(സി) കമ്പ്യൂട്ടർ വാങ്ങുന്നതിന് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ബാങ്കുകൾക്ക് പദ്ധതിയുണ്ടോ;

(ഡി) കമ്പ്യൂട്ടർ വാങ്ങുവാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകണമെന്ന് ഫൈനാൻസിംഗ് ഏജൻസികളോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ ലോൺ കുറഞ്ഞ പലിശയ്ക്ക് കൊടുക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

2002-ലെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം നടപ്പിലാക്കാൻ നടപടി

10 [2660] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റിറക്ക് മേഖലയുമായി ബന്ധപ്പെട്ട 2002-ലെ ചുമട്ടുതൊഴിലാളി ഭേദഗതി നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ തിരിച്ചറിയൽ കാർഡ് കിട്ടിയ തൊഴിലാളികളെ ഒഴിവാക്കി അനധികൃത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പ്രവണത ഇല്ലാതാക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-ലെ "കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്)" എന്ന പുതിയ നിയമം 5-11-2002 മുതൽ സംസ്ഥാനം മുഴുവൻ പ്രാബല്യം നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ വകുപ്പ് 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗാർഹികവും ഗാർഹികേതരവുമായി ബന്ധപ്പെട്ട കയറ്റിറക്ക് ജോലികൾക്ക് ഈ നിയമം ബാധകമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

11 [2661] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷകത്തൊഴിലാളി പെൻഷനിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകത്തൊഴിലാളി പെൻഷൻ 100 രൂപയായിരുന്നു. 1-4-2000 മുതൽ ടി പെൻഷൻ തുക 120 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക അനുബന്ധ മേഖലയിലെ കുറഞ്ഞ കൂലി

12 [2662] ശ്രീ. ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലും അനുബന്ധമായിട്ടുള്ളതിലും ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly